പേരുടെ മൃതദേഹങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തി, അതിൽ രണ്ടു മൃതദേഹങ്ങൾ മാത്രമേ കിട്ടിയിട്ടുള്ളൂ. ബാക്കി രണ്ടു മൃതദേഹങ്ങളുടെ തിരച്ചിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. തീരപ്രദേശങ്ങളിൽ അടുത്തകാലത്തുണ്ടായ അപകടങ്ങളുടെ പശ്ചാത്തലത്തിൽ സുരക്ഷാ നടപടികൾ എന്തൊക്കെയാണ് വേണ്ടതെന്നും രക്ഷാപ്രവർത്തനത്തിൽ ഏതുവിധത്തിലുള്ള കോ-ഓർഡിനേഷൻ വേണമെന്നുള്ളതും ആലോചിക്കും.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u> : സർ, ആറുമണിയാകുമ്പോഴേക്കും താല്ക്കാലിക ജീവനക്കാരായ കോസ്റ്റുഗാർഡുകൾ പോകും; പിന്നെ അവിടെ ആരുമില്ല. ആറുമണി കഴിഞ്ഞ് വരുന്നത് ഇതുപോലുള്ള മിടുക്കന്മാരായ കുട്ടികളാണ്; അവരാണ് അപകടത്തിൽപ്പെടുന്നത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, രാവിലെ 7.00 മണി മുതൽ വൈകുന്നേരം 7.00 മണിവരെയാണ് കോസ്റ്റുഗാർഡുകളുടെ ജോലി സമയം. 7.00 മണിക്ക് ഇവർ പോകുമ്പോൾ അവിടെയുള്ളവരെ പറഞ്ഞുവിട്ടിട്ടാണ് പോകുന്നത്. എന്നാൽ പറഞ്ഞുവിട്ടവർതന്നെ വീണ്ടും തിരിച്ചുവന്നാൽ ബുദ്ധിമുട്ടാണ്. ഏതായാലും രാത്രികാലത്തുകൂടി ലൈഫ് ഗാർഡുകളുടെ സേവനം വിനിയോഗിക്കുന്ന കാര്യം ഗവൺമെന്റ് നിശ്ചയമായും പരിഗണിക്കും.

11.00 എ.എം]

2. ധീരതയുള്ള അവാർഡ്

<u>ശ്രീ. സി. കെ. നാണു</u> : സർ, വടകര നിയോജക മണ്ഡലത്തിലെ ചോറോട് പഞ്ചായത്തിലെ ഹാരിസ് ഉൾപ്പെടെ ആറ് മത്സ്യത്തൊഴിലാളികൾ മത്സ്യ ബന്ധനത്തിനു പോയപ്പോൾ കരയിൽനിന്ന് ഏകദേശം അര കിലോമീറ്റർ ദൂരത്തുവച്ച് അവരുടെ ബോട്ട് മറിയുകയുണ്ടായി. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള മത്സ്യത്തൊഴിലാളികൾ കടലിലിറങ്ങാൻ പാടില്ലെന്നുള്ള നിർദ്ദേശത്തെ അവഗണിച്ചാണ് പോയത്. കുറച്ച് കാലമായി മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാതെ പട്ടിണി കിടന്ന മത്സ്യത്തൊഴിലാളികളിൽ പലരുമാണ് കടലിലേയ്ക്ക് വള്ളങ്ങളുമായി പോയത്. അതിൽ നീന്തൽ അറിയാമായിരുന്ന നാലാളുകളോട് നീന്തി രക്ഷപ്പെടാൻ പറയുകയും നീന്തൽ അറിയാത്ത ആളിനെ ഹാരിസ് സ്വന്തം ശരീരത്തോട് ചേർത്ത്പിടിച്ച് രക്ഷപ്പെടുത്താനുള്ള ശ്രമം നടത്തുകയും ചെയ്തു. അല്പനേരം കഴിഞ്ഞപ്പോൾ ചേർത്തുപിടിച്ചയാൾ താഴേയ്ക്ക് പോകുകയും വീണ്ടും ആദ്ദേഹത്തെ പിടിച്ചുകൊണ്ടുവന്ന്, ബോട്ടിൽ രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്യാനുകളിലുണ്ടായിരുന്ന മണ്ണെണ്ണ കളഞ്ഞതിനുശേഷം ക്യാൻ ഇദ്ദേഹത്തിന്റെ ശരീരവുമായി ചേർത്ത് പ്ലാസ്റ്റിക് കയറുകൊണ്ട് കെട്ടുകയും ചെയ്തു. പക്ഷേ ആ കയർ അഴിഞ്ഞ് അദ്ദേഹം പിന്നെയും താഴോട്ട് പോയപ്പോൾ ഹാരിസ് തന്റെ മുണ്ടുപയോഗിച്ച് രണ്ട് ക്യാനുകളും അദ്ദേഹത്തിന്റെ ശരീരത്തോട് ചേർത്ത് കെട്ടിവലിച്ച് ആ മനുഷ്യനെ കരയിലെത്തിക്കുകയായിരുന്നു. സാധാരണ നിലയ്ക്ക് പറഞ്ഞാൽ ഇത് അവിശ്വസനീയമായി തോന്നും. വടകരയിലെ പത്രങ്ങളും ഇതുസംബന്ധിച്ച് വളരെ ഗൗരവമായി റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഇത്രയും സാഹസികമായി, ഒരുപക്ഷേ തന്റെ ജീവൻ നഷ്ടപ്പെട്ടാൽപോലും കടലിൽപ്പെട്ട സഹപ്രവർത്തകനെ രക്ഷിക്കണമെന്ന വിധത്തിൽ ധീരോദാത്തമായി പ്രവർത്തിച്ച ഈ മത്സ്യത്തൊഴിലാളിക്ക്, ധീരതയ്ക്കുള്ള അവാർഡിനുപോലും അർഹനായ ഒരാൾ എന്ന നിലയ്ക്ക് എന്തെല്ലാം പരിഗണനകൾ ലഭ്യമാക്കാൻ സാധിക്കുമോ, അതെല്ലാം അദ്ദേഹത്തിന് ലഭ്യമാക്കണം. ഇതുപോലുള്ള സംഭവങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് പലവിധത്തിലുമുണ്ടാകുന്നുണ്ട്. നീന്തൽ അറിയാത്ത പലരും മത്സ്യബന്ധനത്തിന് പോകുന്നുണ്ടെന്നുള്ളത് അത്ഭുതകരമാണ്. ഏകദേശം അഞ്ച് വർഷം മുമ്പും ഇതുപോലെ രണ്ട് മത്സ്യത്തൊഴിലാളികൾ മരിച്ചതിൽ ഒരാൾക്ക് നീന്തൽ അറിയില്ലായിരുന്നു. ധീരതയ്ക്കുള്ള അവാർഡുകൾ പ്രഖ്യാപിക്കുന്ന അവസരത്തിൽ ഇത്തരത്തിൽ അതിസാഹസികമായി ഒരാളുടെ ജീവൻ രക്ഷിച്ച മത്സ്യത്തൊഴിലാളിയായ ഹാരിസിനെക്കൂടി പരിഗണിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ശ്രീ. ഹാരിസിന്റെ വളരെ സാഹസികമായ പ്രവർത്തനത്തിലൂടെയാണ് നടുക്കടലിൽ പെട്ടുപോയ മത്സ്യത്തൊഴിലാളികളെ കരയ്ക്കെത്തിക്കുവാൻ സാധിച്ചത്. അദ്ദേഹത്തിന്റെ ധൈര്യം പ്രശംസനീയമാണ്. കോഴിക്കോട് ജില്ലാ കളക്ടറിൽനിന്നും അടിയന്തരമായും റിപ്പോർട്ട് വാങ്ങിയശേഷം അദ്ദേഹത്തിന് അംഗീകാരം കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

3. സ്പീക്കർക്കും മുഖ്യമന്ത്രിക്കും പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കും നേരെയുണ്ടായ പ്രതിഷേധം

ശ്രീ. ബെന്നി ബെഹനാൻ : സർ, ഇന്നലെ ബഹുമാന്യരായ സ്പീക്കർക്കും മുഖ്യമന്ത്രിക്കും പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കും നേരെയുണ്ടായ അക്രമത്തെക്കുറിച്ചാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സ്പീക്കറുടെ